ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനായി ദീർഘവീക്ഷണത്തോടെ ചിന്തിക്കണമെന്ന് കേന്ദ്ര സെക്രട്ടറിമാരുടെ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi, at a meeting of Central Secretaries, called for thinking with a long-term vision to shape the future of the country.

2. നിർമ്മാണ സാമഗ്രികൾ കയറ്റി അയയ്ക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്ന് കേരളത്തെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശന് ഉറപ്പ് നൽകി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്.

   Tamil Nadu Chief Minister Joseph Vijay assured Kerala Chief Minister V.D Satheesan that the possibility of exempting Kerala from the restrictions imposed on the transportation of construction materials would be considered.

3. ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗം, കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിൽ പൂനെയിൽ ആരംഭിച്ചു. ബ്രിക്സ് ടൂറിസം മന്ത്രിമാരുടെ യോഗത്തിനും ജയ്പൂരിൽ തുടക്കമായി.

The BRICS Meeting of Communications Ministers began in Pune under the chairmanship of Union Minister Jyotiraditya Scindia. The BRICS Tourism Ministers' Meeting also commenced in Jaipur.

4. പൊന്നോണത്തെ വരവേൽക്കാനൊരുങ്ങി മലയാളനാട്. കൃഷിവകുപ്പിൻറെ 2,000 കർഷക ചന്തകൾക്ക് നാളെ തുടക്കമാവും.

Kerala is gearing up to welcome the harvest festival of Onam. The Agriculture Department's 2,000 farmers' markets will begin operations tomorrow.

5. 72-ാമത് നെഹ്രുട്രോഫി വള്ളംകളി പുന്നമടക്കായലിൽ നാളെ നടക്കും. വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ.

The 72nd Nehru Trophy Boat Race will be held tomorrow at Punnamada Lake. Preparations for the event are in the final stage.

6. FIH ഹോക്കി ലോകകപ്പിൽ ഇന്ന് ഇന്ത്യൻ വനിതാ ടീം നെതർലൻഡ്സിനെ നേരിടും.

In the FIH Hockey World Cup, the Indian women's team will face the Netherlands today.

****************************

## PM- HIGH LEVEL MEETING

രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനായി ദീർഘവീക്ഷണത്തോടെ ചിന്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്ര സെക്രട്ടറിമാരുടെ മൂന്നാമത് ഉന്നതതല യോഗത്തിന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി . അടിസ്ഥാന സൗകര്യ വികസനം, കണക്റ്റിവിറ്റി, സുരക്ഷ, വിദേശകാര്യം, ഭരണ നിർവഹണം തുടങ്ങിയ മേഖലകളിൽ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടന്നു. പ്രധാനമന്ത്രിയുടെ

വസതിയിൽ ഇന്നലെയാണ് യോഗം ചേർന്നത്. നയരൂപീകരണത്തിൽ പുതിയ കാഴ്ചപ്പാടുകൾ കൊണ്ടുവരാൻ സർവകലാശാലകളിലും, യുവജനങ്ങൾക്കിടയിലും കൂടുതൽ ഇടപെടൽ നടത്തണമെന്നും ശ്രീ മോദി യോഗത്തിൽ നിർദ്ദേശിച്ചു. മനുഷ്യ ഇടപെടലിനോടൊപ്പം നിർമ്മിതബുദ്ധിയുടെ ഫലപ്രദമായ ഉപയോഗത്തിനും അദ്ദേഹം ആഹ്വാനം ചെയ്തു.

*****************************

## TN – CM (INTRO)

മെറ്റൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്ന് കേരളത്തെ ഒഴിവാക്കുന്നത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശന് ഉറപ്പ് നൽകി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്. **വിശദാംശങ്ങളിലേക്ക്........**

(വോയ്സ്)

മഹാബലിപുരത്ത് ഇന്നലെ നടന്ന സതേൺ സോണൽ കൗൺസിൽ യോഗത്തിനിടെ, തമിഴ്നാട് മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി വി.ഡി സതീശൻ ഇക്കാര്യം ഉന്നയിച്ചത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തീരുമാനം പുനപരിശോധിക്കണമെന്നാണ് സംസ്ഥാന സർക്കാരിൻറെ ആവശ്യം. ഇരു സംസ്ഥാനങ്ങളും തമ്മിൽ ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തി ഉടൻ ഉചിതമായ തീരുമാനം എടുക്കാമെന്ന ധാരണയാണ് മുഖ്യമന്ത്രിമാർക്കിടയിൽ ഉണ്ടായത്. ഇക്കാര്യം ആവശ്യപ്പെട്ട് നേരത്തെ ശ്രീ. വി.ഡി സതീശൻ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കേരളത്തിലെ ദേശീയ പാത നിർമാണത്തെയടക്കം ബാധിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ഈ ആവശ്യം മുന്നോട്ട് വച്ചത്. **ന്യൂസ് ഡസ്ക്, ആകാശവാണി**

****************************

## BRICS TOURISM MINISTERS MEETING

12-ാമത് ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗം പൂനെയിൽ ആരംഭിച്ചു. കേന്ദ്ര വാർത്താ വിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിലാണ് യോഗം ചേരുന്നത്. സൈബർ സുരക്ഷ, നൂതന സാങ്കേതികവിദ്യകൾ ഡിജിറ്റൽ രംഗത്തെ സഹകരണം ഉൾപ്പെടെയുള്ള വിഷയങ്ങളാണ് യോഗം ചർച്ച ചെയ്യുന്നത്. ബ്രിക്സ് ടൂറിസം മന്ത്രിമാരുടെ യോഗത്തിനും ജയ്പൂരിൽ ഇന്ന് തുടക്കമായി. രണ്ട് ദിവസത്തെ യോഗത്തിൽ അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം, നൈപുണ്യ വികസനം, ടൂറിസം രംഗത്തെ എഐ ഉപയോഗം തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് യോഗത്തിൽ ചർച്ചകൾ.

****************************

## NTA – ANSWER KEY CHALLENGE

JEE മെയിൻ, നീറ്റ്, UGC NET തുടങ്ങിയ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് provisional answer key-യിലെ തെറ്റുകൾ ചോദ്യം ചെയ്യാൻ NTA ഒരുക്കിയ'answer key challenge' സംവിധാനം ചെലവേറിയതാണെന്ന ആശങ്കകൾ തള്ളി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇത്തരത്തിൽ ഉന്നയിക്കപ്പെടുന്ന പരാതികൾ വിദഗ്ധർ പരിശോധിച്ചശേഷം, ശരിയെങ്കിൽ answer key-യിൽ മാറ്റങ്ങൾ വരുത്തും. നിഷ്പക്ഷമായ രീതിയിലാണ് സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും, അടിസ്ഥാനരഹിതമായ വാദങ്ങൾ ഒഴിവാക്കാനാണ് ഫീസ് ഈടാക്കുന്നതെന്നും എൻ.ടി.എ വ്യക്തമാക്കി. വിദ്യാർത്ഥിയുടെ വാദം ശരിയാണെന്ന് തെളിഞ്ഞാൽ ഈ തുക തിരികെ നൽകും.

****************************

## AMIT SHAH - WB VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പശ്ചിമ ബംഗാളിൽ എത്തി. സിലിഗുരിയിൽ വിവിധ പരിപാടികളിൽ അദ്ദേഹം ഇന്ന് പങ്കെടുക്കും. സശസ്ത്ര സീമ ബൽ ആസ്ഥാനത്ത് നിരവധി പദ്ധതികളുടെ ശിലാസ്ഥാപനം കേന്ദ്രമന്ത്രി നിർവഹിക്കും.

****************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..**

**( ബ്രേക്ക്....)**

****************************

## ONAM

തിരുവോണത്തിന് ഇനി അഞ്ച് നാളുകൾ കൂടി. പൊന്നോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങുകയാണ്. സ്കൂളുകളിലും, കലാലയങ്ങളിലും, സർക്കാർ ഓഫീസുകളിലുമടക്കം ഓണാഘോഷ പരിപാടികൾ ഏറെ ആവേശത്തോടെ നടക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനകൾക്ക് നാളെ മുതൽ ഓണാവധി ആരംഭിക്കും. സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിന് ഈ മാസം 24 നാണ് തുടക്കമാവുക. കൃഷി വകുപ്പ് ഒരുക്കുന്ന 2,000 കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി സിദ്ദിഖ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

****************************

## FLOWER - IDUKKI (INTRO)

ഓണക്കാലത്ത് മലയാളക്കരയുടെ തിരുമുറ്റത്ത് പൂക്കളമൊരുക്കാൻ തമിഴ്നാട്ടിലെ പൂപ്പാടങ്ങൾ സജ്ജമായി ക്കഴിഞ്ഞു. അത്തം മുതൽ തിരുവോണം വരെ

കേരളത്തിലേക്കാവശ്യമായ പൂക്കളേറെയും എത്തുന്നത് തമിഴകത്തെ ഗ്രാമങ്ങളിൽ നിന്നാണ്. തേനി ജില്ലയിലെ ശീലയംപെട്ടി എന്ന ഗ്രാമമാണ് മധ്യകേരളത്തിലേക്കുള്ള പ്രധാന പൂക്കച്ചവട കേന്ദ്രം. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..**

(വോയ്സ്)

****************************

## NEHRU TROPHY

72-ാമത് നെഹ്റുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

****************************

## GOVT – PM AASHA

കാർഷികോത്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പുവരുത്താൻ എല്ലാ ശ്രമങ്ങളും നടത്തി വരുന്നതായി കേന്ദ്രസർക്കാർ. കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുകയും വിലക്കയറ്റം തടയുന്നതിനുമുള്ള പി.എം ആശാ പദ്ധതിയുടെ ബജറ്റ് വിഹിതത്തിൽ ഓരോ വർഷവും വൻ വർദ്ധന വരുത്തുന്നുണ്ടെന്നും കേന്ദ്ര കൃഷി മന്ത്രാലയം അറിയിച്ചു.

****************************

## PIB FACT CHECK– INDIA POST

ഇന്ത്യാ പോസ്റ്റിന്റെ പേരിൽ 20,000 രൂപ സമ്മാനം വാഗ്ദാനം ചെയ്ത് ഉപയോക്താക്കളെ കബളിപ്പിച്ച് വ്യക്തിഗത വിവരങ്ങൾ തട്ടിയെടുക്കാൻ ലക്ഷ്യമിട്ട് പ്രചരിക്കുന്ന ഓൺലൈൻ സർവേ

വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യൻ പോസ്റ്റ് ഇത്തരം സർവേകളോ, പണം സമ്മാനമായി നൽകുന്ന മത്സരങ്ങളോ, സംഘടിപ്പിക്കുന്നില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു

*****************************

## JITHAN RAM-LKDWP VISIT

കേന്ദ്ര മന്ത്രി ജിതൻ റാം മാഞ്ചി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലക്ഷദ്വീപിലെത്തി. കവരത്തി സെക്രട്ടേറിയറ്റിൽ നടക്കുന്ന യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. വിവിധ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായും കേന്ദ്രമന്ത്രി ചർച്ച നടത്തും. ലക്ഷദ്വീപിലെ വിവിധ MSME പദ്ധതികളുടെ പ്രവർത്തനവും അദ്ദേഹം അവലോകനം ചെയ്യും.

*****************************

## DELHI POLICE - CYBER

അന്തർസംസ്ഥാന ഡിജിറ്റൽ അറസ്റ്റ് സൈബർ തട്ടിപ്പ് ശൃംഖല തകർത്ത് ഡൽഹി പൊലീസ്. പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നായി നാല് പ്രതികളെ അറസ്റ്റ് ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നടന്ന കോടികളുടെ തട്ടിപ്പുമായി ഇവർക്ക് ബന്ധമുണ്ടെന്ന് പോലീസ് അറിയിച്ചു.

*****************************

## DAY HOCKEY- WORLD CUP

FIH ഹോക്കി ലോകകപ്പ് രണ്ടാം പൂൾ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്ന് ഇന്ത്യൻ വനിതാ ടീം നെതർലൻഡ്സിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 7.30-നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെ സമനിലയിൽ തളച്ചാണ് ഇന്ത്യൻ വനിതാ സംഘം രണ്ടാം റൗണ്ടിൽ പ്രവേശിച്ചത്. മത്സരത്തിൻറെ പുതിയ ഫോർമാറ്റ് പ്രകാരം, പൂൾ ഇ യിൽ മികച്ച പ്രകടനം

നടത്തുന്ന രണ്ട് ടീമുകൾക്ക് സെമിഫൈനലിന് യോഗ്യത നേടാനാവും.

*****************************

## RAIN - KERALAM

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഈ മാസം 23-ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ തിങ്കളാഴ്ചയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

*****************************

## TRUMP ON IRAN

ഇറാനുമായി ബന്ധപ്പെട്ട തന്ത്രപ്രധാന ജലപാതകളുടെ സമ്പൂർണ നിയന്ത്രണം അമേരിക്ക വൈകാതെ ഏറ്റെടുക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനെതിരെ നടക്കുന്ന സൈനിക നടപടികളെ ന്യായീകരിച്ച ട്രംപ്, സംഘർഷം കാരണം അമേരിക്കൻ ജനതയുടെ പെട്രോൾ, ഊർജ്ജ ചെലവുകൾ വർദ്ധിച്ചേക്കാമെന്നും പറഞ്ഞു. ആണവായുധം വികസിപ്പിക്കാൻ ഇറാനെ ഒരിക്കലും അനുവദിക്കില്ലെന്നും യു.എസ് പ്രസിഡന്റ് വ്യക്തമാക്കി .

*****************************

## TERRITORIAL ARMY-HACKATHON

പ്രതിരോധം, സൈബർ സുരക്ഷ, തുടങ്ങിയ മേഖലകൾ നേരിടുന്ന പുതിയ വെല്ലുവിളികൾക്ക് തദ്ദേശീയവും നൂതനവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി ദേശീയ ഹാക്കത്തണിന് തുടക്കമിട്ട് ടെറിട്ടോറിയൽ ആർമി. സൈബർപീസുമായി' സഹകരിച്ച് നടത്തുന്ന 'ടെറിയർ സൈബർ ക്വസ്റ്റ് 2026'

ഹാക്കത്തണിൽ ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സായുധ സേനകൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർക്ക് പങ്കെടുക്കാവുന്നതാണ്. ഈ മാസം 31 വരെ രജിസ്റ്റർ ചെയ്യാം . ഗ്രാൻഡ് ഫിനാലെ ഒക്ടോബർ 6 മുതൽ 8 വരെ ന്യൂഡൽഹിയിൽ നടക്കും.

*****************************

## BWF WC

ന്യൂഡൽഹിയിൽ നടക്കുന്ന B.W.F ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിതാ വിഭാഗം ഡബിൾസിൽ ട്രീസ ജോളി – ഗായത്രി ഗോപിചന്ദ് സഖ്യം , ചൈനയുടെ ജിയ യി ഫാൻ - ഷാങ് ഷു സിയാൻ സഖ്യത്തെ നേരിടുന്നു. പുരുഷ വിഭാഗം ഡബിൾസിൽ സാത്വിക്സായിരാജ് റെങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യo ചൈനീസ് ജോഡിയുമായി ഏറ്റുമുട്ടും.

*****************************

## J AND K-VANDE BHARAT TRAIN

ജമ്മു കാശ്മീരിൽ മൂന്നാമത് വന്ദേ ഭാരത് ട്രെയിൻ സർവീസിന് അനുമതി നൽകിയതായി ഇന്ത്യൻ റെയിൽവേ. ജമ്മു താവിയിൽ നിന്നും ഉധംപൂർ വഴി ശ്രീനഗറിലേക്കുള്ള സർവീസിനാണ് അനുമതി നൽകിയതെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ കത്ത് സമൂഹമാധ്യമത്തിൽ പങ്കുവച്ചുകൊണ്ട് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു.

****************************** ************************

*********************